## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

1 (2720) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രിക്കൾച്ചർ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. അഗ്രിക്കൾച്ചർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട് കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയതിന്മേൽ സർവീസ് സംഘടനകളുമായി 11-8-2020-ാം തീയതി കാർഷികോല്പാദന കമ്മീഷണറുടെ നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയുടെ ഭാഗമായി ലഭിച്ച നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾസ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിശോധനയിലാണ്.

### സുഗന്ധവിളകളുടെ വികസനത്തിനായി പദ്ധതി

2 (2721) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുഗന്ധവിളകളുടെ വികസനത്തിനായി കഴിഞ്ഞ സർക്കാർ എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിരുന്നോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2020-21 സാമ്പത്തിക വർഷത്തിൽ സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ധനസഹായം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾക്ക് ധനസഹായം, നിലവിലുള്ള കുരുമുളകു തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളായ കുരുമുളക് കൃഷി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള സഹായം, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടത്തിന് ധനസഹായം, സൂക്ഷ്മമൂലകങ്ങൾക്കും സെക്കണ്ടറി മൂലകങ്ങൾക്കുമുള്ള ധനസഹായം, മണ്ണ് സാമ്പിൾ ശേഖരണം, സോയിൽ അമിലിയൊറൻസിന് ധനസഹായം,

LIBRARY ARCHIVES Kerala Legislative Assembly